**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2108** **30-09-2025 - ൽ മറുപടിയ്ക്ക്**

**നോർക്ക കെയർ ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പ്രവാസികൾക്കായി നോർക്ക കെയർ എന്ന പേരിൽ ആരോഗ്യ അപകട ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നും എന്നുമുതൽക്കാണ് ഇത് പ്രാബല്യത്തിൽ വരുന്നതെന്നും പദ്ധതിയിൽ ചേരുന്നതിന് നിശ്ചയിച്ചിട്ടുള്ള നിബന്ധനകളും വ്യവസ്ഥകളും എന്തെല്ലാമാണെന്നും അറിയിക്കുമോ; | (എ) | ഉണ്ട്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലുമുള്ള പ്രവാസി കേരളീയർക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടി രൂപകൽപന ചെയ്തിട്ടുള്ള സമഗ്ര ആരോഗ്യ അപകട ഇൻഷ്വറൻസ് പരിരക്ഷയാണ് നോർക്ക കെയർ. ടി പദ്ധതിയുടെ ഉദ്ഘാടനം സെപ്റ്റംബർ 22-ന് നടന്നു.<br><br>**മാനദണ്ഡങ്ങൾ**<br><br>സാധുവായ നോർക്ക പ്രവാസി ഐഡി കാർഡ് ഉള്ള പ്രവാസി കേരളീയർ, വിദേശത്തു പഠിക്കുന്ന നോർക്ക സ്റ്റുഡന്റ് ഐഡി കാർഡ് ഉള്ള കേരളീയരായ വിദ്യാർഥികൾ, ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ എൻ ആർ കെ ഐഡി കാർഡ് ഉള്ള പ്രവാസികളായ കേരളീയർ എന്നിവർക്ക് ഇതിൽ അപേക്ഷിക്കാം<br><br>**ആനുകൂല്യങ്ങൾ**<br><br>5 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 10 ലക്ഷം രൂപയുടെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് പരിരക്ഷയും നൽകുന്നുണ്ട്.<br><br>**പദ്ധതിയുടെ ആനുകൂല്യങ്ങൾ**<br><br>ഇൻഷ്വറൻസ് കവറേജ് - ₹5 ലക്ഷം<br><br>പ്രായപരിധി: 18-70 വയസ്, കുട്ടികൾക്ക് പരമാവധി 25 വയസ്<br><br>പോളിസി കാലത്തിന് മുമ്പുള്ള രോഗങ്ങൾക്കും പരിരക്ഷ |

| | | | |
|---|---|---|---|
| | | | ചികിത്സ ലഭിക്കുന്നതിന് കാത്തിരിപ്പ് കാലം ഒഴിവാക്കിയിരിക്കുന്നു<br><br>ക്യാഷ്‌ലെസ് ചികിത്സ ലഭ്യമാണ്<br><br>ചികിത്സയ്ക്ക് മുൻപ് 30 ദിവസത്തെയും പിന്നീട് 60 ദിവസത്തെയും ചെലവുകൾ 5000 രൂപ വരെ ഓരോ ക്ലെയ്മിനും ലഭ്യമാണ്.<br><br>**പദ്ധതിയുടെ പ്രധാന സവിശേഷതകൾ:**<br><br>നിലവിൽ മാർക്കറ്റിലുള്ള ഇൻഷ്വറൻസ് പദ്ധതികളുമായി താരതമ്യം ചെയ്യുമ്പോൾ, ഈ പദ്ധതിയുടെ പ്രീമിയം വളരെ കുറവാണ്.<br><br>ഇന്ത്യയിലുടനീളം 16000 ലധികം ആശുപത്രികൾ ഈ പദ്ധതിയിൽ ലിസ്റ്റ് ചെയ്തിട്ടുണ്ട്. (കേരളത്തിൽ മാത്രം **480+** ആശുപത്രികൾ).<br><br>ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ താമസിക്കുന്ന പ്രവാസികൾക്ക് താമസിക്കുന്ന സ്ഥലങ്ങളിൽ ചികിത്സ തേടുന്നതിനുള്ള സൗകര്യം ലഭ്യമാണ്<br><br>ഇൻഷ്വറൻസ് പ്രീമിയം ജി എസ് ടി ഉൾപ്പെടെ 13411 രൂപ (ഭർത്താവ്, ഭാര്യ, 25 വയസ്സിനു താഴെയുള്ള രണ്ടുമക്കൾ)<br><br>ഒരു വ്യക്തിക്ക് (പ്രായപരിധി 18 -70 ) ₹ 8101 /-<br><br>അധികമായി ഒരു കുട്ടിക്ക് (25 വയസ്സിനു താഴെയുള്ള)₹4130 /-<br><br>അപകട മരണ ഇൻഷ്വറൻസ് - ₹10 ലക്ഷം (സ്കീം ഉടമക്ക് മാത്രം) |
| (ബി) | വിദേശത്തുനിന്നും തിരികെ നാട്ടിലെത്തി സ്ഥിരതാമസമാക്കിയ പ്രവാസികൾക്ക് ഈ പദ്ധതിയിൽ ചേരാൻ കഴിയുമോ; നിലവിലെ വ്യവസ്ഥകൾ പ്രകാരം ഇവർക്ക് പുതുതായി നോർക്ക അംഗത്വം ലഭിക്കുന്നതിനോ നോർക്ക ഐ. ഡി. കാർഡ് ലഭിക്കുന്നതിനോ നിലവിലെ അംഗത്വം പുതുക്കുന്നതിനോ കഴിയുമോ; | (ബി) | നിലവിൽ കഴിയില്ല. |
| (സി) | വിദേശത്തായിരിക്കുമ്പോൾ പ്രവാസികൾക്കും 60-70 വയസ്സ് പ്രായമുള്ള ആരോഗ്യപ്രശ്നമുള്ള മുതിർന്നവർക്കും റസിഡൻസ് ഐ. ഡി പുതുക്കുമ്പോൾ | (സി) | ഇല്ല |

| | | | |
|---|---|---|---|
| | നിർബന്ധിത ഇൻഷ്വറൻസ് എടുക്കേണ്ട സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | എങ്കിൽ പ്രവാസം പൂർത്തിയാക്കി തിരികെ നാട്ടിൽ വന്ന് സ്ഥിരതാമസമാക്കുന്നവർക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ഏറ്റവും കൂടുതൽ ആവശ്യമായിവരുന്നത് എന്നത് പരിശോധിക്കുകയുണ്ടായോ; | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | എങ്കിൽ പ്രവാസം മതിയാക്കി തിരിക നാട്ടിൽ സ്ഥിര താമസമാക്കുന്ന പ്രവാസികൾക്കുകൂടി ഉപയോഗപ്പെടുത്താൻ കഴിയുന്ന തരത്തിൽ പദ്ധതിയുടെ മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ